**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1947** **20-06-2024 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണത്തിന് എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ അനുവദിച്ച് പാലക്കാട് ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ആനുപാതികമായ വിഹിതം കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചു കൊണ്ട് 100 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതിയും കായിക യുവജനകാര്യ ഡയറക്ടർ നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന സിന്തറ്റിക്ക് ടർഫ് ഒഴിവാക്കി മഡ് ടർഫ് ഉൾപ്പെടുത്തുവാനും കൂടാതെ സിന്തറ്റിക് ടർഫ് ഒഴിവാക്കുന്നതു കാരണം ലഭ്യമാകുന്ന സേവിംഗ്സിൽ ഡ്രെയിൻ, സ്റ്റെപ്പ് ഗ്യാലറി എന്നീ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തുവാനും എം.എൽ.എ യുടെ നിർദ്ദേശമുണ്ടായതിനാൽ എസ്റ്റിമേറ്റ് പുതുക്കി, ജില്ലാകളക്ടറുടെ അംഗീകാരത്തിനായി നൽകിയിരിക്കുകയാണ്. പുതുക്കിയ ഭരണാനുമതി ലഭ്യമായാലുടൻ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് എം.എൽ.എ. ആസ്തി വികസന ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടും കായിക വകുപ്പിന്റെ വിഹിതത്തിന് ഭരണാനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കാമോ? | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണത്തിന് എം.എൽ.എ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ അനുവദിച്ച് പാലക്കാട് ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ആനുപാതികമായ വിഹിതം കായിക വകുപ്പിന്റെ പ്ലാൻ |

| | | | |
|---|---|---|---|
| | | | ഫണ്ടിൽ നിന്നും അനുവദിച്ചു കൊണ്ട് 100 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതിയും കായിക യുവജനകാര്യ ഡയറക്ടർ നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന സിന്തറ്റിക്ക് ടർഫ് ഒഴിവാക്കി മഡ് ടർഫ് ഉൾപ്പെടുത്തുവാനും കൂടാതെ സിന്തറ്റിക് ടർഫ് ഒഴിവാക്കുന്നതു കാരണം ലഭ്യമാകുന്ന സേവിംഗ്സിൽ ഡ്രെയിൻ, സ്റ്റെപ്പ് ഗ്യാലറി എന്നീ ഘടകങ്ങൾ കൂടി ഉൾപ്പെടുത്തുവാനും എം.എൽ.എ യുടെ നിർദ്ദേശമുണ്ടായതിനാൽ എസ്റ്റിമേറ്റ് പുതുക്കി, ജില്ലാകളക്ടറുടെ അംഗീകാരത്തിനായി നൽകിയിരിക്കുകയാണ്. പുതുക്കിയ ഭരണാനുമതി ലഭ്യമായാലുടൻ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ